509960

**D 103497** (Pages : 3) Name.....................................

Reg. No..................................

# SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION APRIL 2024

(B.A/B.Sc.)

Malayalam

MAL 2A 02—MALAYALA SAHITHYAM

(2017–2018 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക. ½ മാർക്ക് വീതം.

1 മനുഷ്യകർമ്മങ്ങളിൽ ഏറ്റവും വിശിഷ്ടമായ കർമ്മം ഏതാണ് ?

2 ഗ്രാമവൃക്ഷത്തിലെ കുയിൽ ആരുടെ കവിതയാണ് ?

3 അനുസരണക്കേടാണ് ഏറ്റവും നല്ല സ്വഭാവം—ആരുടെ വാക്കുകൾ ?

4 പൂക്കാതിരിക്കാൻ എനിക്കാവതില്ലേ എന്ന പ്രസിദ്ധ കവിത എഴുതിയതാര് ?

5 'സാനുക്കളിലലഞ്ഞു പൊരുൾതേടി'—വരിയിൽ സൂചിതമാകുന്ന കൃതികൾ ഏതെല്ലാം ?

6 കൈപ്പവല്ലരി ആരുടെ കവിതാസമാഹാരമാണ് ?

7 "ഒന്നു മറ്റൊന്നിനെ വഞ്ചിച്ചു വഞ്ചിച്ചു

തന്നഭിലാഷങ്ങൾ നിർവ്വഹിപ്പൂ"

—ഏത് കവിതയിലെ വരികൾ ?

8 'അക്ഷരമറിയാത്ത, ലോകപരിചയം കുറവായ സ്ത്രീ, അങ്ങനെ തനിക്കറിയാവുന്ന ഒരേയൊരു കലയിലൂടെ സ്വയം സാക്ഷാൽക്കരിക്കാൻ ശീലിച്ചു'—ആര് ?

9 ഹാസ്യത്തിനു നിദാനമായി അരിസ്റ്റോട്ടിൽ പറയുന്നതെന്ത് ?

10 രോഗത്തിന്റെ പൂക്കൾ ആരുടെ നിരൂപണ കൃതിയാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം.

11 'ഇപ്പോൾ എനിയ്ക്കാരേം പേടിയില്ല. ഞാനല്ലാതെ ആരെങ്കിലും ഉണ്ടെന്നു തന്നെ എനിക്കു വിചാരമില്ല —ആരുടെ വാക്കുകൾ ? കാരണമെന്ത് ?

12 'ഇതിനുള്ള പ്രകോപനമെന്ത് ? ചങ്ങമ്പുഴ തിരക്കി' വിവക്ഷിതം വിവരിക്കുക.

**Turn over**

509960

509960



13 "സ്വർണക്കിണ്ണമായിരുന്നവൻ

ദാ, നോക്കൂ വാനിൽ ; പൂർണചന്ദ്രനായവൻ വീണ്ടും"

—സൂചിതമെന്ത് ?

14 "പ്രണയം, തലപൊക്കിടാതെയി-

ന്നണലിപ്പാമ്പു കണക്കെ നിദ്രയായ്"

—കല്പനയുടെ അർത്ഥതലം വിവരിക്കുക.

15 "ആശിക്കാനില്ലൊരു മന്ദഹാസം

ചേച്ചിക്കു മറ്റൊരു ചുണ്ടിൽ നിന്നും"

—സന്ദർഭം, സൂചിതം എന്നിവ വ്യക്തമാക്കുക.

(5 × 2 = 10 marks)

III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം.

16 "ഒരു നിശ്ചയമില്ലയൊന്നിനും

വരുമോരോദശ വന്ന പോലെ പോം"

—സന്ദർഭം, ആശയം എന്നിവ വിവരിക്കുക.

17 "എത്ര വേഗം വീണ്ടുമോമനേ, നിന്നിലെ

കൊച്ചുകുസൃതിക്കുടുക്കയൊരമ്മയായ്"

—സന്ദർഭം എഴുതുക.

18 "അവസാനമവസാന യാത്ര പറഞ്ഞു നീ-

യിനിയും വരൊല്ലേ വരൊല്ലേ"

—ഈ മനോഭാവത്തിനടിസ്ഥാനമാകുന്ന ചിന്തകൾ എഴുതുക.

19 സൃഷ്ടി വിപ്ലവമാകുന്നത് എങ്ങനെയാണ് ?

20 ദുര്യോധനന്റെ മരണ സമയത്തെക്കുറിച്ചുള്ള ഇതിഹാസ കവിയുടെ വാക്കുകൾ വിവരിക്കുക.

21 നളിനി ഉണ്ടാക്കിയ പാവകളിൽ ലേഖകൻ ദർശിക്കുന്ന പ്രത്യേകതകൾ എന്തെല്ലാം ?

22 "ഒട്ടിടക്കാഘോഷവും വെട്ടവുമടങ്ങിപ്പോയ്,

ഒട്ടി നിൽക്കുന്നൂ മൂക്കിലൊരു ദുർഗന്ധം മാത്രം !"

—സന്ദർഭമേത് ? പ്രാധാന്യം വിവരിക്കുക.

(5 × 5 = 25 marks)

509960

509960



IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 10 മാർക്ക് വീതം.

23 'ചിന്താവിഷ്ടയായ സീത' എന്ന കൃതിയുടെ ആഖ്യാനപരമായ സവിശേഷതകളെക്കുറിച്ച് വിവരിക്കുക.

24 'വിവാഹസമ്മാനം' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

25 ചോറൂണ് എന്ന കവിതയിൽ തെളിയുന്ന മാതൃഭാവത്തെപ്പറ്റി ഉപന്യസിക്കുക.

26 തപന്റെ അമ്മ എന്ന നോവലിനെ പ്രസക്തമാക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ് ? വിവരിക്കുക.

27 സ്രഷ്ടാവിന്റെ സ്വാതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും എന്ന ലേഖനത്തിൽ എം. തോമസ് മാത്യു നടത്തുന്ന നിരീക്ഷണത്തിലെ പ്രധാനാശയങ്ങൾ ചുരുക്കി എഴുതുക.

28 ഹാസ്യത്തിന്റെ ഉല്പത്തിയെപ്പറ്റിയുള്ള വിവിധ മതങ്ങൾ ക്രോഡീകരിക്കുക.

(4 × 10 = 40 marks)

509960

509960

**D 103497–A** **(Pages : 6)** **Name.......................................**

**Reg. No...................................**

**SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION APRIL 2024**

(B.A/B.Sc.)

Malayalam

MAL 2A 02—MALAYALA SAHITHYAM

(2017–2018 Admissions)

(Multiple Choice Questions for SDE Candidates)

| Time : 15 Minutes | Total No. of Questions : 20 | Maximum : 20 Marks |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

509960

1105

509960



MAL 2A 02—MALAYALA SAHITHYAM

(Multiple Choice Questions for SDE Candidates)

1. അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ...എന്നപ്രസിദ്ധമായ വരികൾ ഏത് കവിയുടേതാണ്?

   (A) വൈലോപ്പിള്ളി ശ്രീധരമേനോൻ.

   (B) ചങ്ങമ്പുഴ കൃഷ്ണപിള്ള.

   (C) കുമാരനാശാൻ.

   (D) ഇടശ്ശേരി ഗോവിന്ദൻ നായർ.

2. അഴലാർന്നരുൾ ചെയ്തിതന്തരാ-–
മൊഴിയോരോന്നു മഹാമനസ്വിനി– ഇവിടെ പരാമർശിക്കുന്ന മഹാമനസ്വിനിയാര്?

   (A) ഊർമിള. (B) സീത.

   (C) ഹീര. (D) കൗസല്യ.

3. ഇളകും വനരാജിവെണ്ണിലാ–
വൊളിയാൽ വെള്ളിയിൽ വാർത്തപോലെയായ്. അലങ്കാരമേത്.?

   (A) ഉൽപ്രേക്ഷ. (B) ഉപമ.

   (C) രൂപകം. (D) ദീപകം.

4. ഖദ്യോതം എന്ന വാക്കിന്റെ അർത്ഥം?

   (A) മിന്നാമിനുങ്ങ്. (B) ആശാശം.

   (C) നക്ഷത്രം. (D) മേഘം.

509960

5. ലൂതാതന്തു എന്ന വാക്കിന്റെ അർത്ഥം?

(A) ലതകൾ.
(B) ലില്ലിപ്പൂ.
(C) എട്ടുകാലിവല.
(D) നാരുപടലം.

6. മലയാള കവിതയിലെ ഉത്തരാധുനിക കാലത്തെ അടയാളപ്പെടുത്തുന്ന കവയത്രിയാണ്?

(A) ബാലാമണിയമ്മ.
(B) സുഗതകുമാരി.
(C) കെ.മാധവിയമ്മ.
(D) അനിതാതമ്പി.

7. മെരുക്കം എന്ന കവിത ആരുടേതാണ്?

(A) അനിതാതമ്പി.
(B) വി.എം.ഗിരിജ.
(C) സുഗതകുമാരി.
(D) ഗ്രേസി.

8. മധ്യവർഗ്ഗ കുടുംബിനിയുടെ ജീവിതത്തിന്റെ നിസ്സഹായാവസ്ഥ ഉത്തരാധുനിക കാഴചപ്പാടിൽ അവതരിപ്പിക്കുന്ന കവിതയാണ്---------------

(A) മുറ്റമടിക്കുമ്പോൾ.
(B) ചോറൂണ്.
(C) ഇവനെക്കൂടി.
(D) മയിൽപ്പീലി.

9. അരിവാൾ എന്ന രചന ആരുടേതാണ്?

(A) സാവിത്രീരാജീവൻ.
(B) സുഗതകുമാരി.
(C) വിജയലക്ഷ്മി.
(D) അനിതാതമ്പി.

10. ഒ എൻ വി കുറുപ്പിന്റെ മുഴുവൻ പേര്?

(A) ഒടേങ്ങലത്ത് നാരായണവേലുക്കുറുപ്പ്.

(B) ഒറ്റപ്ലാക്കൽ നീലകണ്ഠവേലുക്കുറുപ്പ്.

(C) ഒരുവിൽ നീലകണ്ഠ വേലുക്കുറുപ്പ്.

(D) ഒടുവിൽ നാരായണവേലുക്കുറുപ്പ്.

11. മാമാങ്കം അരങ്ങേറിയത് എവിടെ വെച്ചായിരുന്നു ?

(A) ആലുവാ മണപ്പുറത്ത്.

(B) തിരുന്നാവായ മണപ്പുറത്ത്.

(C) അങ്ങാടിപ്പുറത്ത്.

(D) കോഴിക്കോട് തളിയിൽ.

12. ഉണ്ണീ മറക്കായ്ക പക്ഷേയൊരമ്മതൻ–
നെഞ്ചിൽ നിന്നുണ്ട മധുര മൊരിക്കലും – ആരുടെ വരികൾ?

(A) എൻ.വി. കൃഷ്ണവാര്യർ.

(B) ഒ എൻ വി.

(C) ഇടശ്ശേരി.

(D) വള്ളത്തോൾ.

13. ഇവനെക്കൂടി എന്ന കവിത രചിച്ചതാര്?

(A) വൈലോപ്പിള്ളി.

(B) സച്ചിദാനന്ദൻ.

(C) വള്ളത്തോൾ.

(D) പി.കുഞ്ഞിരാമൻ നായർ.

14. ചന്ദ്രന്റെ ചിരി എന്നകവിത രചിച്ചതാര്?

(A) സച്ചിദാനന്ദൻ.

(B) ആശാൻ.

(C) വൈലോപ്പിള്ളി.

(D) പി. കുഞ്ഞിരാമൻ നായർ.

15. എട്ടുകെട്ടുകൾ കത്തും പട്ടട വെണ്ണീറിൽ
തൻ നെല്ലിക്ക് നീർ കോരുവാൻ– ഇവിടെ പരാമർശിക്കുന്നകവിത ഏത്?

(A) കണ്ണീർപ്പാടം. (B) വിട.

(C) കുടിയൊഴിക്കൽ. (D) മകരക്കൊയ്ത്ത്.

16. ദുര്യോധനന്റെ പ്രവർത്തികളെ എതിർത്തിരുന്ന കൗരവനാരായിരുന്നു?

(A) വിദുരർ. (B) ദുശ്ശാസനൻ.

(C) കർണ്ണൻ. (D) വികർണ്ണൻ.

17. ജീവിതകാലംമുഴുവൻ ധൃതരാഷ്ട്രരെ അനർഘങ്ങളായ ധർമ്മസൂക്തങ്ങൾ കേൾപ്പിച്ചു കൊണ്ടിരുന്നതാര്?

(A) കൃഷ്ണൻ. (B) ഭീഷ്മർ.

(C) ദ്രോണർ. (D) വിദുരർ.

18. കല ജീവിതം തന്നെ എന്ന് നിർവ്വചിച്ച നിരൂപകനാര്?

(A) കുട്ടികൃഷ്ണ മാരാർ. (B) എം.പി.പോൾ.

(C) സുകുമാർ അഴിക്കോട്. (D) തോമസ് മാത്യു.

19. സാഹിത്യം സാഹിത്യമായി തീരുന്നത് മനുഷ്യജീവിതത്തിന്റെ പങ്കപ്പാടുകളെയും വേദനകളെയും കാരുണ്യത്തോടെ ആവിഷ്ക്കരിക്കുമ്പോഴാണ് ഇങ്ങനെ ചിന്തിച്ച എഴുത്തുകാരി ആര്?

(A) മഹാശ്വേതാദേവി. (B) സുഗതകുമാരി.

(C) ബാലാമണിയമ്മ. (D) മാധവിക്കുട്ടി.



11105 11105

20. മരപ്പാവകൾ വീണ്ടും വായിക്കുമ്പോൾ എന്ന ലേഖനം ഏതു ഗ്രന്ഥത്തിൽ നിന്നാണ് എടുത്തിരിക്കുന്നത്?

(A) ചെറുകഥയുടെ ഛന്ദസ്സ്. (B) മൗനം തേടുന്ന വാക്ക്.

(C) ചെറുകഥാ പ്രസ്ഥാനം. (D) ശ്രാദ്ധം.

1105 1105 1105

**C 21749** (Pages : 2) Name.......................................

Reg. No...................................

**SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION, APRIL 2022**

Malayalam (B.A./B.Sc.)

MAL 2A 02—MALAYALA SAHITHYAM – II

(2017–2018 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1 കുമാരനാശാൻ എഴുതിയ വിലാപകാവ്യം ഏത് ?

2 കൂട്ടുകൃഷി എന്ന നാടകം രചിച്ചതാര് ?

3 പൊൽത്തിടമ്പേറ്റി നിൽക്കുന്ന ആനയുടെ മസ്തകത്തിൽ മന്ത്രിക്കുന്നതാര് ?

4 ഘടികാര സൂചിയുടെ പിടിയിൽ നിൽക്കാത്തതായി കവി വിശേഷിപ്പിക്കുന്നത് എന്തിനെയാണ് ?

5 'നാട്ടിൻപുറത്തെ നന്മകൾ' എന്ന് കവി വിശേഷിപ്പിക്കുന്നതാരെ ?

6 'ഇവനെക്കൂടി' എന്ന കവിത ഏത് കവിയുടെ അന്ത്യപ്രണാമം ആയാണ് സമർപ്പിച്ചിരിക്കുന്നത് ?

7 'കല ജീവിതം തന്നെ' എന്ന കൃതി രചിച്ചതാര് ?

8 അധികാരത്തിന്റെ ഒരു രൂപവും എന്തിന് നന്നല്ല എന്നാണ് ലേഖകൻ അഭിപ്രായപ്പെടുന്നത് ?

9 'നക്ഷത്രങ്ങളുടെ സ്നേഹഭാജനം' എന്ന കൃതി എഴുതിയതാര് ?

10 അധഃപതനമാണ് ഹാസ്യത്തിന് നിദാനം എന്ന് അഭിപ്രായപ്പെട്ടതാര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11 "നിഴലിൻ വഴി പൈതൽ പോല പോ-
യുഴലാ ഭോഗമിരന്നു ഞാനിനി"
—സൂചിതമെന്ത് ?

12 'ഒട്ടുമിക്കപ്പോഴും കാനനാന്തരങ്ങളിൽ വഴി തെറ്റി, സ്നേഹകുടീരങ്ങളിലെത്താൻ കഴിയാതെ അലയാനാണല്ലോ നമ്മിലധികം പേരുടേയും വിധി'—ലേഖകൻ ഇവിടെ സൂചിപ്പിക്കുന്നതെന്ത് ?

13 കലയുടെ സ്വാതന്ത്ര്യം എപ്രകാരമാകണമെന്നാണ് മാരാർ അഭിപ്രായപ്പെടുന്നത് ?

14 മഹാശ്വേതാദേവി തന്റെ സാമൂഹിക പ്രതിബദ്ധത വെളിവാക്കുന്നതെങ്ങനെ ?

15 കാരൂരിന്റെ ആഖ്യാനകല വർജ്ജനത്തിന്റെ കലയാണ് എന്ന് രാജകൃഷ്ണൻ പറയാൻ കാരണമെന്ത് ?

(5 × 2 = 10 marks)

**Turn over**

273949



III. ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

16 മഹാഭാരതത്തിലെ പ്രതിനായകനായ ദുര്യോധനന്റെ മഹത്വങ്ങൾ മാരാർ അവതരിപ്പിക്കുന്നതെങ്ങനെ ?

17 "എത്രവേഗം വീണ്ടുമോമനേ, നിന്നിലെ

കൊച്ചു കുസൃതിക്കുടുക്കയൊരമ്മയായ്"

–കവിതയേത്? സന്ദർഭമെന്ത് ?

18 ആവിഷ്കാര സ്വാതന്ത്ര്യത്തെക്കുറിച്ച് എം. തോമസ് മാത്യുവിന്റെ നിരീക്ഷണം വ്യക്തമാക്കുക.

19 ജീവിതത്തിനും മരണത്തിനുമിടയിൽ നിന്നു കൊണ്ട് ജീവിതത്തെ സ്നേഹിക്കുന്ന കവിയെ–'പകലുകൾ രാത്രികൾ' എന്ന കവിതയിൽ കാണാം–വിശദമാക്കുക.

20 "ചേലിലിപ്പൊൽത്താർ പറിക്കുവാനേ

ചേച്ചിയിറങ്ങിയിപ്പൂങ്കുളത്തിൽ"

–സന്ദർഭവും ആശയവും വ്യക്തമാക്കുക.

21 ജനങ്ങൾ തന്നെ എത്രമാത്രം സ്നേഹിക്കുന്നു എന്ന് ചങ്ങമ്പുഴയ്ക്ക് തിരിച്ചറിവുണ്ടാക്കിയ സംഭവം എന്തായിരുന്നു ?

22 "നരജീവിതമായ വേദന

യ്ക്കൊരുമട്ടർഭകരൗഷധങ്ങൾ താൻ"

–ആശയം വ്യക്തമാക്കുക.

(5 × 5 = 25 marks)

IV. ഏതെങ്കിലും **നാലു** ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

23 ഒ.എൻ.വി.യുടെ 'ചോറൂണ്' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

24 'ജനാധിപത്യാവകാശങ്ങളുടേയും പൗരസ്വാതന്ത്ര്യത്തിന്റെയും വിശാലലോകമാണ് സൃഷ്ടിയുടേത് ', 'സ്രഷ്ടാവിന്റെ സ്വാതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും' ചർച്ച ചെയ്യുന്നത് വിശദീകരിക്കുക.

25 സ്ത്രീസഹജമായ വൈകാരികതയുടെ ബഹിഃസ്ഫുരണം മാത്രമല്ല ജീവിതത്തിലെ നേർചിത്രങ്ങളുടെ അടയാളപ്പെടുത്തൽ കൂടിയാണ് 'ചിന്താവിഷ്ടയായ സീത'–വിശദമാക്കുക

26 ഇതിഹാസ കഥാപാത്രങ്ങൾ യഥാർത്ഥ മനുഷ്യരുടെ വലിപ്പം കൂടിയ ക്ലോസപ്പുകളാണ്. മാരാരുടെ ലേഖനത്തെ ആസ്പദമാക്കി ഈ പ്രസ്താവനയോട് പ്രതികരിക്കുക.

27 കൃത്യമായി വികസിക്കുന്ന പ്രാകൃത ചോദനകളുടെ ആവിഷ്കാരമാണ് 'സഹ്യന്റെ മകൻ' എന്ന കവിതയിൽ കാണുന്നത്–ഉപന്യസിക്കുക.

28 സമകാലിക സാമൂഹിക സാഹചര്യത്തിൽ കാരൂരിന്റെ 'മരപ്പാവകൾ' എങ്ങനെ പ്രസക്തമാകുന്നുവെന്ന് വി. രാജകൃഷ്ണന്റെ ലേഖനത്തെ മുൻനിർത്തി ഉപന്യസിക്കുക.

(4 × 10 = 40 marks)

273949

**273863**

**C 21748** **(Pages : 3)** **Name.......................................**

**Reg. No..................................**

## SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION, APRIL 2022

Malayalam (B.A./B.Sc.)

MAL 2A 02—MALAYALA SAHITHYAM – II

(2016 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക. ½ മാർക്ക് വീതം.

1 "മാനഹേതുവാ-

ലൊഴിയാത്താർത്തി മനുഷ്യനേ വരൂ"

–ആരുടെ അഭിപ്രായമാണിത് ?

2 "സാനുക്കളിലലഞ്ഞു പൊരുൾതേടി" വരിയിൽ സൂചിതമാകുന്നത് ആരുടെ കൃതികൾ ?

3 "പൂതലിച്ചു പോയെന്റെയിത്തടി" ഇങ്ങനെ വിചാരിക്കുന്നതാര് ?

4 ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ഒന്നാമത്തെ തലം പ്രത്യക്ഷമാകുന്നത് എവിടെയാണ് ?

5 "അനുസരണക്കേടാണ് ഏറ്റവും നല്ല സ്വഭാവം" ആരുടെ വാക്കുകൾ ?

6 "സ്യൂസ് ദേവന്റെ അടിമത്തത്തിനു പകരമായി ഈ വേദനകളെ ഞാൻ കൈമാറുകയില്ല " ആരുടെ വാക്കുകൾ ?

7 'തുലാവർഷപ്പച്ച ' എന്ന കൃതി എഴുതിയതാര് ?

8 "ഒന്നു മറ്റൊന്നിനെ വഞ്ചിച്ചു വഞ്ചിച്ചു

തന്നഭിലാഷങ്ങൾ നിർവ്വഹിപ്പൂ"

–ഏത് കവിതയിലെ വരികൾ ?

9 "ലോകം എല്ലാവരും ഉൾക്കൊള്ളുന്ന ഒരു വലിയ സംഭാഷണ വേദിയാണ്–മനുഷ്യൻ മാത്രമല്ല, മൃഗങ്ങളും നദികളും മരങ്ങളും പാറകളും ഭൂഭാഗങ്ങളുമെല്ലാം പങ്കു ചേരുന്ന സംഭാഷണം." ആരുടെ വാക്കുകൾ ?

10 മൂലധനത്തിന്റെ സങ്കേത സംസ്കൃതിയുടെ കടന്നു കയറ്റത്തിൽ പാർശ്വവൽകൃതരാകുന്ന രണ്ട് പ്രധാന വിഭാഗങ്ങൾ ഏതൊക്കെയാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം :

11 "തരുവാടിയിലൂടെ കണ്ടിടു-

ന്നൊരു താരാപഥഭാഗമെന്ന പോൽ

–വിവക്ഷിതം വ്യക്തമാക്കുക.

**Turn over**

**273863**

1105

273863



12 വരുമെന്നു ചൊല്ലി നീ, ഘടികാരസൂചിതൻ

പിടിയിൽ നിൽക്കുന്നില്ല കാലം

–ഭാവതലം എഴുതുക.

13 "മലയ്ക്കു മകൻ വിളിപ്പുറത്തു മുറിവേറ്റ

വനങ്ങൾ, മനങ്ങൾ തൻ മൃഗങ്ങൾ വിളിക്കുകിൽ"

–സൂചിതമെന്ത് ? വിശദീകരിക്കുക.

14 "ആയിരം മണിയുടെ

നാവുപൊത്തീടാ, മൊറ്റ-

വായിലെ നാവാർക്കാനും

കെട്ടുവാൻ കഴിയുമോ ?"

–സന്ദർഭം വ്യക്തമാക്കുക.

15 "ഒഴിവിടങ്ങൾ പച്ച കൊണ്ടു നിറയ്ക്കുന്നു

കഴുകുന്നു വെയിലിന്റെയുള്ളും"

–സൂചിതം വ്യക്തമാക്കുക.

(5 × 2 = 10 marks)

III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം.

16 "ക്ഷണമാത്രവിയോഗമുൾത്തടം

വ്രണമാക്കുംപടി വാച്ചതെങ്കിലും

പ്രണയം തല പൊക്കിടാതെയി-

ന്നണലിപ്പാമ്പു കണക്കെ നിദ്രയായ്"

–സീതയുടെ മാനസികാവസ്ഥ വെളിവാക്കുവാൻ ഈ വരികൾ എത്രമാത്രം സഹായിക്കുന്നു ? വ്യക്തമാക്കുക.

17 "എൻ കരം തോറ്റാലെന്താ-

ണെന്മകൻ ജയിക്കുമ്പോൾ

എൻ കണ്ണിലുണ്ണിക്കേലും

പുകളെൻ പുകളല്ല ?

–പെരുംതച്ചന്റെ ഈ മനോഗതത്തിന്റെ പൊരുൾ വ്യക്തമാക്കുക.

273863

273863



18 ആധുനികാനന്തരമായ ഒരു പശ്ചാത്തലത്തിലാണ് പാരിസ്ഥിതിക കല ഉദയം ചെയ്യുന്നത്. വ്യക്തമാക്കുക.

19 മഹാശ്വേതാദേവി മനോരാജ്യക്കാരിയായ എഴുത്തുകാരിയല്ലെന്ന് എം.എം. ബഷീർ പറയുന്നത് എന്തു കൊണ്ടാണ് ?

20 "ഈറനണിയാത്ത കണ്ണുകൾ അക്കൂട്ടത്തിൽ ഉണ്ടായിരുന്നില്ല " സന്ദർഭം വ്യക്തമാക്കുക.

21 കാരൂരിന്റെ ആഖ്യാനകല വർജ്ജനത്തിന്റെ (Art of elimination) കലയാണ്. വിശദീകരിക്കുക.

22 "വേഷമേതായാലും അയാൾ മനുഷ്യ സംസ്കൃതിയുടെ ശത്രു തന്നെ–സംശയം വേണ്ടാ.' വിവക്ഷിത മെന്ത് ? വിശദീകരിക്കുക.

(5 × 5 = 25 marks)

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 10 മാർക്ക് വീതം.

23 'ചിന്താവിഷ്ടയായ സീത'യിൽ തെളിയുന്ന ജീവിത തത്ത്വങ്ങൾ എന്തെല്ലാമാണ് ? വിശകലനം ചെയ്യുക.

24 'ഇവനെക്കൂടി' എന്ന കവിതയ്ക്ക് നിരൂപണം തയ്യാറാക്കുക.

25 കാല്പനികതയുടെയും ആധുനികതയുടെയും സ്വഭാവങ്ങൾ ഇടകലരുന്ന കവിതയാണ് 'പകലുകൾ രാത്രികൾ' എന്ന് പറയാമോ ? നിരൂപിക്കുക.

26 'പട്ടുപാവാട'യിൽ വിവരിക്കുന്ന ബാല്യാവസ്ഥയെപ്പറ്റി ഉപന്യസിക്കുക.

27 സ്രഷ്ടാവ്, സൃഷ്ടി എന്നിവയുമായി ബന്ധപ്പെട്ട് എം. തോമസ് മാത്യു നടത്തുന്ന നിരീക്ഷണത്തിലെ ആശ യങ്ങൾ ചുരുക്കി എഴുതുക.

28 'തപന്റെ അമ്മ' എന്ന നോവലിനെ പ്രസക്തമാക്കുന്ന ഘടകങ്ങളെപ്പറ്റി വിവരിക്കുക.

(4 × 10 = 40 marks)

273863

C 62562 (Pages : 2) Name..............................

Reg. No..............................

# SECOND SEMESTER (CUCBCSS–UG) EXAMINATION, MAY 2019

B.A./B.Sc.—Malayalam

MAL 2A 02—MALAYALA SAHITHYAM–II

(2017 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 മലയാള കവിതയിൽ കാല്പനികത ഉദയം ചെയ്തു എന്നു പ്രഖ്യാപിച്ച ആശാൻെറ കൃതി.

2 'സ്പന്ദിക്കുന്ന അസ്ഥിമാടം' എന്ന ലേഖനത്തിൽ പരാമർശിക്കപ്പെട്ട മലയാള കവി ആര് ?

3 'കന്നിക്കൊയ്ത്ത് ' ആരുടെ കൃതി ?

4 ഹാസ്യത്തിൻെറ ഉത്ഭവസ്ഥാനം ഹൃദയമല്ല. തലച്ചോറാണെന്നു പറഞ്ഞതാര് ?

5 'തപൻെറ അമ്മ' എന്ന നോവലിൻെറ പ്രമേയമെന്ത് ?

6 'ഇതിഹാസ കഥാപാത്രങ്ങൾ' എന്ന മാരാരുടെ ലേഖനം ഏതു നിരൂപണ ഗ്രന്ഥത്തിൽ നിന്നെടുത്തതാണ് ?

7 ആത്മാവിൽ സൂക്ഷിക്കുന്ന ഈ കനൽ കെട്ടുപോകുമ്പോൾ സ്വാതന്ത്ര്യം അസ്തമിക്കുന്നു 'കനൽ' എന്ന വാക്കുകൊണ്ട് സൂചിപ്പിക്കുന്നതെന്ത് ?

8 പൊൽത്തിടമ്പേറ്റി നിൽക്കുന്ന ആനയുടെ മസ്തക കടാഹത്തിൽ മന്ത്രിക്കുന്നതാര് ?

9 'നീ രാത്രി തൻ ജനനി'—ആര് ?

10 'പൂതത്തെ മുലപ്പാലാൽവെന്നു'—ഇവിടെ പരാമർശിക്കപ്പെടുന്ന കവിത ഏത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 'ഇവനെക്കൂടി' എന്ന കവിതയിൽ വൈലോപ്പിള്ളിയെ സ്വീകരിക്കാൻ കവി ആരോടെല്ലാമാണ് പറയുന്നത് ?

12 ദുര്യോധനൻെറ മാതൃഭക്തിയെക്കുറിച്ച് വിവരിക്കുക.

13 സന്ധ്യയെ എന്തിൻെറയെല്ലാം പ്രതീകമായാണ് അയ്യപ്പപ്പണിക്കർ കാണുന്നത് ?

Turn over

14 ചങ്ങമ്പുഴയുടെ ദയനീയാവസ്ഥയെക്കുറിച്ച് എം.കെ. സാനു പറയുന്നതെന്തെല്ലാം ? വസ്തുത എന്ത് ?

15 ഹാസ്യത്തെ സംബന്ധിച്ച അരിസ്റ്റോട്ടിലിൻെറ നിരീക്ഷണം.

(5 × 2 = 10 marks)

III. ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

16 സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക :

"എത്രവേഗം വീണ്ടുമോമനേ നിന്നിലെ
കൊച്ചുകുസൃതിക്കുടുക്കയൊരമ്മയായ് "

17 "നിർഗതബല,മെന്നാലുഗ്ര വീര്യം തന്നുടൽ
നിഗ്രഹോത്സുകം സ്നേഹവ്യഗ്രമെങ്കിലും ചിത്തം"
—സാരസ്യം വ്യക്തമാക്കുക.

18 കാരൂരിൻെറ ആഖ്യാനകല വർജ്ജനത്തിൻെറ കലയാണെന്ന് പറയുന്നതെന്തുകൊണ്ട് ?

19 ഭാരതത്തിലെ മറ്റെഴുത്തുകാരിൽനിന്നും മഹാശ്വേതാദേവി വ്യത്യസ്തയാകുന്നത് എന്തുകൊണ്ട് ?

20 ആവിഷ്ക്കാര സ്വാതന്ത്ര്യത്തെക്കുറിച്ച് എം. തോമസ്സ് മാത്യുവിൻെറ നിരീക്ഷണം വ്യക്തമാക്കുക.

21 'ഒരുവേള പഴക്കമേറിയാൽ
ഇരുളും മെല്ലെ വെളിച്ചമായ് വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പുതാനുമേ'
—സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക.

22 'വിവാഹസമ്മാനം' സ്വാഗതാഖ്യാന രീതിയിലുള്ള ഒരു ധ്വനികാവ്യമാണ്—സമർത്ഥിക്കുക.

(5 × 5 = 25 marks)

IV. ഏതെങ്കിലും **നാല്** ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. 10 മാർക്ക് വീതം :

23 സീതയുടെ വിചാരധാരയിൽ തെളിയുന്ന തത്വചിന്തകളിലൂടെ ജീവിതത്തിൻെറ ഉയർച്ച താഴ്ചകളെ അപഗ്രഥിക്കുകയാണ് ആശാൻ—സമർത്ഥിക്കുക.

24 ഹാസ്യത്തിൻെറ ഉൽപ്പത്തിയെ സംബന്ധിച്ച വിവിധ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.

25 ജീവിതത്തിനും മരണത്തിനുമിടയിൽ നിന്നുകൊണ്ട് ജീവിതത്തെ സ്നേഹിക്കുന്ന കവിയെ 'പകലുകൾ രാത്രികൾ' എന്ന കവിതയിൽ കാണാം—വിശകലനം ചെയ്യുക.

26 'ചോറൂണ് ' എന്ന കവിതയിലെ മാതൃഭാവത്തിൻെറ വിവിധ തലങ്ങൾ വിശദീകരിക്കുക.

27 പ്രതിനായകനായ ദുര്യോധനനെ മാരാർ ന്യായീകരിക്കുന്നത് എങ്ങനെ ?

28 നൈസർഗ്ഗിക വികാരങ്ങളുടെ ഉറവിടമായ ഉപബോധ മനസ്സിൻെറ പ്രതിരൂപമെന്ന നിലയിൽ സഹ്യകാനനത്തിന് 'സഹ്യൻെറ മകൻ' എന്ന കവിതയിലുള്ള പ്രാധാന്യവും പ്രസക്തിയും വിലയിരുത്തുക.

(4 × 10 = 40 marks)

**C 24720**

**(Pages : 3)**

**Name..........................................**

**Reg. No......................................**

# SECOND SEMESTER B.A./B.Sc. DEGREE EXAMINATION, MAY 2017

(CUCBCSS)

Common Course—Malayalam

MAL 2A 02—**മലയാള സാഹിത്യം**—II

Time : Three Hours

Maximum : 80 Marks

I. **ഒറ്റ** വാക്കിൽ ഉത്തരമെഴുതുക. ½ മാർക്കു വീതം :

1 'കടൽ കാക്കകൾ' എന്ന കൃതി രചിച്ചതാര് ?

2 'ഇതിഹാസ കഥാപാത്രങ്ങൾ' എന്ന ലേഖനം ഉൾക്കൊള്ളുന്ന കുട്ടിക്കൃഷ്ണമാരാരുടെ ഗ്രന്ഥമേത് ?

3 'രാധയെവിടെ' എന്ന കൃതി ആരുടേതാണ് ?

4 'ചിന്താവിഷ്ടയായ സീത'യെ ആസ്പദമാക്കി സുകുമാർ അഴീക്കോട് രചിച്ച നിരൂപണ ഗ്രന്ഥം ഏത് ?

5 'രോഗത്തിന്റെ പൂക്കൾ' ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു ?

6 'ആശാന്റെ പണിപ്പുര' രചിച്ചതാര് ?

7 "എല്ലാം മറയ്ക്കുന്ന ലോകമേ നീയൊരു
വല്ലാത്ത നാടകശാല തന്നെ"
—ആരുടെ വരികൾ ?

8 എല്ലുറപ്പുള്ള കവിതയെന്ന് വിശേഷിപ്പിക്കപ്പെട്ടത് ഏത് കവിയുടെ രചനകളെയാണ് ?

9 "അവനീശ്വരിയോർത്തതില്ല, പോ-
ന്നവിടെത്താൻ തനിയേയിരിപ്പതും"
—ആരെക്കുറിച്ചാണ് ഈ പരാമർശം ?

10 'സ്രഷ്ടാവിന്റെ സ്വാതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും'—എന്ന ലേഖനം ആരുടെതാണ് ?

(10 × ½ = 5 marks)

**Turn over**

II. ഒന്നോ, രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്കു വീതം :

11 'തരുവാടിയിലൂടെ കണ്ടിടുന്നൊരു താരാപഥ ഭാഗമെന്ന പോൽ'—സന്ദർഭവും സാരസ്യവും വിശദമാക്കുക.

12 'കലാകാരനു സഹജമായ ഈ അഹന്ത, സാമാന്യ മനുഷ്യർക്ക് അസഹ്യമായിത്തോന്നുന്ന ഈ ആത്മകേന്ദ്രീകരണം–അതാണ് നളിനിയെ നളിനിയാക്കി മാറ്റുന്നത്'—വിവക്ഷിതം വ്യക്തമാക്കുക.

13 ഇതിഹാസങ്ങളിലെ പാത്രസൃഷ്ടിയെപ്പറ്റി സാമാന്യജനങ്ങളുടെ ധാരണകളെന്തെല്ലാം ?

14 'ഇക്കോളജിയുടെ ശാസ്ത്രീയതയല്ല സാംസ്കാരികത'യെന്ന് ലേഖകൻ സമർത്ഥിക്കുന്നതെങ്ങനെ ?

15 "ഒരു കൈ പ്രഹരിക്കവേ പിടി-

ച്ചൊരു കൈകൊണ്ടു തലോടുമേയിവൾ"

—സീത ഇങ്ങനെ പറയാൻ കാരണമെന്ത് ?

(5 × 2 = 10 marks)

III. ഓരോന്നിനും 150 വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക. 5 മാർക്കു വീതം :

16 വൈലോപ്പിള്ളിയുടെ കവനവ്യക്തിത്വത്തെ സച്ചിദാനന്ദൻ നോക്കിക്കാണുന്നതെപ്രകാരമാണ് ?

17 സീതാദേവിയുടെ ബാഹ്യരൂപ വർണ്ണന കാവ്യത്തിന്റെ ഭാവശില്പത്തിന് എത്രത്തോളം യോജിച്ചിരിക്കുന്നു ?

18 "ആരു വിശ്വസിക്കും കൈപ്പിഴയല്ലതെന്നെത്ര

പേരുരച്ചാലും തന്തയ്ക്കിതു ചെയ്യുവാനാമോ"

—അവിശ്വസനീയമായ ആ കൈപ്പിഴ എന്ത് ? വിശദമാക്കുക.

19 'സഹ്യന്റെ മകനിലെ' ആനയുടെ അനുഭവങ്ങളെന്തെല്ലാം ?

20 ചങ്ങമ്പുഴയുടെ അന്ത്യനാളുകളെക്കുറിച്ച് എം.കെ. സാനു നൽകുന്ന അറിവുകളേവ ?

21 ദുര്യോധനന്റെ മാതൃഭക്തി, സഹോദര സ്നേഹം എന്നിവയെക്കുറിച്ച് മാരാർ പറയുന്നതെന്തെല്ലാം ?

22 പാരിസ്ഥിതിക കലയെക്കുറിച്ചുള്ള ജി. മധുസൂദനന്റെ അഭിപ്രായങ്ങൾ വിലയിരുത്തുക.

(5 × 5 = 25 marks)

IV. ഓരോന്നിനും 300 വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. 10 മാർക്കു വീതം :

23 വെറും ചടങ്ങൊപ്പിച്ചുള്ള വിലാപമല്ല, വിശേഷിച്ചൊരു സംവേദനംകൊണ്ടു ചൈതന്യമുണരുന്ന വിലാപം 'ഇവനെക്കൂടി'യിൽ കേൾക്കാം—പരിശോധിക്കുക.

24 'തപന്റെ അമ്മ' എന്ന നോവലിന് ആസ്വാദനം തയ്യാറാക്കുക.

25 നാടകീയ സ്വഗതാഖ്യാന കവിതയെന്ന നിലിയിൽ ജീ. ശങ്കരക്കുറുപ്പിന്റെ 'പെരുന്തച്ച'നെ വിലയിരുത്തുക.

26 'പട്ടുപാവാട' എന്ന കവിതയിലൂടെ ബാല്യത്തിന്റെ വിവിധ അവസ്ഥകൾ സുഗതകുമാരി ആവിഷ്കരിച്ചിരിക്കുന്നു—വ്യക്തമാക്കുക.

27 'സ്രഷ്ടാവിന്റെ സ്വതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും' എന്ന ലേഖനത്തിലെ ആശയം സംഗ്രഹിക്കുക.

28 പാരമ്പര്യത്തിൽ നിന്ന് ഊർജ്ജം സ്വീകരിക്കുകയും അതേസമയം നവീനമായൊരു ഭാവുകത്വത്തിലേയ്ക്ക് മുതിരുകയും ചെയ്ത കവികളിൽ പ്രമുഖനാണ് അയ്യപ്പപ്പണിക്കർ—പാഠഭാഗത്തെ ആസ്പദമാക്കി ചർച്ച ചെയ്യുക.

(4 × 10 = 40 marks)

**D 43166** (Pages : 3) Name.................................

Reg. No.................................

# SECOND SEMESTER B.A./B.Sc. DEGREE EXAMINATION, MAY 2018

(CUCBCSS–UG)

Common Course—Malayalam

Mal 2A 02—MALAYALA SAHITHYAM–II

(2017 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക. ½ മാർക്കു വീതം :

1 'ആശാൻെറ സീതാകാവ്യം' രചിച്ചതാര് ?

2 'ദന്തഗോപുരത്തിലേക്ക് വീണ്ടും' ആരുടെ കൃതിയാണ് ?

3 മാതുലാ പൊറുത്താലും തീർന്നു മാമ്പഴക്കാലം—കവിതയേത് ?

4 ഇടശ്ശേരിയുടെ കേരളസാഹിത്യ അക്കാദമി അവാർഡു നേടിയ കൃതി ?

5 കുരുക്ഷേത്രം എന്ന കവിത അച്ചടിച്ച പ്രസിദ്ധീകരണമേത് ?

6 1989-ൽ കവിതാ സാഹിത്യത്തിനുള്ള കേരളസാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച കൃതി.

7 വൈലോപ്പിള്ളിയുടെ ആദ്യത്തെ കവിതാസമാഹാരത്തിൻെറ പേരെന്ത് ?

8 ഇവനെക്കൂടി സ്വീകരിക്കുക എന്ന് ഏത് നദിയോടാണ് കവി അപേക്ഷിക്കുന്നത് ?

9 വൈലോപ്പിള്ളിയുടെ സഹ്യൻെറ മകൻ എന്ന കവിത മനശ്ശാസ്ത്രപരമായി നിരൂപണം ചെയ്തതാര് ?

10 ഇതിഹാസ കഥാപാത്രങ്ങൾ എന്ന മാരാരുടെ ലേഖനം ഏതു നിരൂപണ ഗ്രന്ഥത്തിൽനിന്നും എടുത്തിട്ടുള്ളതാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്കു വീതം :

11 സഹ്യൻെറ മകനിൽ എഴുന്നള്ളത്തിനു നിരന്നു നിൽക്കുന്ന ആനകളെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?

12 വരുമോരോദശ വന്നപോലെ പോം—സന്ദർഭം വ്യക്തമാക്കുക.

Turn over

13 "കടുവാക്കുകൾ കേട്ടു കാനനം നടുവേയെന്നെ വെടിഞ്ഞു മുമ്പു നീ"—സൂചിതമെന്ത് ?

14 അയ്യപ്പപ്പണിക്കരുടെ 'പകലുകൾ രാത്രികൾ' എന്ന കവിതയിലെ പകലുകളും രാത്രികളും എന്തിനെയാണ് പ്രതിനിധാനം ചെയ്യുന്നത് ?

15 ഇതിഹാസ കഥാപാത്രങ്ങളെ മുൻനിർത്തി മാരാർ മുന്നോട്ടു വെക്കുന്ന മുഖ്യകാഴ്ചപ്പാടുകൾ എന്തെല്ലാം ?

(5 × 2 = 10 marks)

III. ഓരോന്നിനും നൂറ്റമ്പതു വാക്കിൽ കുറയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക. 5 മാർക്കു വീതം :

16 ഇറക്കിക്കിടത്തിയതെൻെറ യൗവ്വനമല്ലോ
തിരുമ്മിയടച്ചതു നീതിതൻ മിഴിയല്ലോ

—സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

17 സഹ്യൻെറ മാതൃഭാവം കവി ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ ?

18 എം.പി. പോളിൻെറ അഭിപ്രായത്തിൽ ഇതിഹാസ കഥാപാത്രങ്ങൾ എങ്ങനെയുള്ളവരാണ് ?

19 "ആശിക്കാനില്ലൊരു മന്ദഹാസം ചേച്ചിക്കു മറ്റൊരു ചുണ്ടിൽനിന്നും"—കാവ്യസന്ദർഭം വിശദമാക്കുക.

20 വിടപങ്ങളൊടൊത്ത കൈകൾതൻ
തുടമേൽവെച്ചുമിരുന്നു സുന്ദരി

—ആരാണാ സുന്ദരി ? സന്ദർഭം വിശദമാക്കുക.

21 'തപൻെറ അമ്മ' എന്ന നോവലിൽ ആവിഷ്ക്കരിക്കുന്ന മുഖ്യ പ്രമേയമെന്ത് ?

22 'മരപ്പാവകൾ വീണ്ടും വായിക്കുമ്പോൾ' വി. രാജകൃഷ്ണൻെറ കണ്ടെത്തലുകൾ എന്തെല്ലാം ?

(5 × 5 = 25 marks)

IV. ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. 10 മാർക്കു വീതം :

23 ലക്ഷണമൊപ്പിച്ചുള്ള ഒരു വിലാപമല്ല, പുതിയൊരു സംവേദനംകൊണ്ട് ശ്രദ്ധേയമായിത്തീരുന്ന വിലാപമാണ് ഇവനെക്കൂടി—വിശദമാക്കുക.

24 മരപ്പാവകളുടെ കഥാശിൽപ്പവും നായികയുടെ ശിൽപ്പകലാവിദ്യയും തമ്മിലുള്ള സാദൃശ്യം വി. രാജകൃഷ്ണൻ ചൂണ്ടിക്കാട്ടുന്നതെങ്ങനെ ?

25 ആത്മനിന്ദയോളമെത്തുന്ന സീതയുടെ വിചാരഭേദങ്ങൾ വികാരോദ്ദീപകമാക്കിത്തീർക്കുന്നതിൽ ആശാൻെറ പാടവം വിശകലനം ചെയ്യുക.

26 'പകലുകൾ രാത്രികൾ' എന്ന കവിതയ്ക്ക് ഒരാസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

27 തോമസ് മാത്യുവിൻെറ 'സ്രഷ്ടാവിൻെറ സ്വാതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും' എന്ന ലേഖനത്തിലൂടെ മുന്നോട്ടു വെക്കുന്ന ആവിഷ്കരസ്വാതന്ത്ര്യം എന്ന വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുക.

28 ഗ്രാമീണതയുടെ ആവിഷ്കാരം വൈലോപ്പിള്ളിക്കവിതയെ മികവുറ്റതാക്കുന്നു. ഈ അഭിപ്രായം വിമർശനബുദ്ധ്യാ പരിശോധിക്കുക.

(4 × 10 = 40 marks)

**D 43165**

**(Pages : 3)**

**Name..........................................**

**Reg. No.......................................**

## SECOND SEMESTER B.A./B.Sc. DEGREE EXAMINATION, MAY 2018

(CUCBCSS–UG)

Common Course—Malayalam

Mal 2A 02—MALAYALA SAHITHYAM–II

(2014–2016 Admissions)

Time : Three Hours

Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'സുതർ മാമുനിയോടയോധ്യയിൽ' സുധർ ആരെല്ലാം ?

2 പെരുന്തച്ചൻെറ ജന്മദേശം ഏത് ?

3 മകരക്കൊയ്ത്ത് എന്ന കൃതി രചിച്ചത് ആര് ?

4 പാവമീനാട്ടിൻ സ്വർണക്കിണ്ണമായിരുന്നവൻ ദാ

നോക്കുവാനിൽ പൂർണചന്ദ്രനായവൻ വീണ്ടും

—ആരെക്കുറിച്ചാണ് ഈ വരികളിൽ പരാമർശിക്കുന്നത് ?

5 'പട്ടുപാവാട' എന്ന കവിതയിലെ കേന്ദ്രകഥാപാത്രമാര് ?

6 'മരപ്പാവകളി'ലെ കഥാനായികയുടെ പേരെന്ത് ?

7 'കല ജീവിതം തന്നെ' എന്ന കൃതി രചിച്ചതാര് ?

8 'അനുസരണക്കേടാണ് ഏറ്റവും നല്ല സ്വഭാവം' എന്ന നിരീക്ഷണം ആരുടേതാണ് ?

9 "ശബ്ദസാഗരം കിടന്നലതല്ലട്ടേ തീയിൻ-

ഭിത്തികളെരിയട്ടേ തിരക്കീടട്ടേ നരർ"

—കവിതയേത് ?

10 തപൻെറ അമ്മ എന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽ പെടുന്നു ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 സീതയിലും രാമനിലും വിളങ്ങിനിൽക്കുന്ന പ്രധാന ഗുണങ്ങൾ എന്തൊക്കെയാണ് ?

12 'വാഴക്കുല വായിച്ച കർഷകൻ' കൊണ്ടുവന്ന കെട്ടുകാഴ്ചകൾ എന്തൊക്കെയായിരുന്നു ?

**Turn over**

13 'പാരിസ്ഥിതിക കല ആത്മപ്രകാശനം മാത്രമല്ല' എന്നു പറയാൻ കാരണമെന്ത് ?

14 "കൂർപെടും മാലോകരെ വെളിയിൽ കടക്കുവിൻ
ഗോപുരമടയ്ക്കുവിനമ്പലം കൊലക്കളം"
—സൂചിതമെന്ത് ?

15 "രവിപോയ്മറഞ്ഞതും സ്വയം ഭുവനം ചന്ദ്രികയാൽ നിറഞ്ഞതും
അവനീശ്വരിയോർത്തതില്ല പോന്നവിടെത്താൻ തനിയേയിരിപ്പതും
—ആശയമെന്ത് ?

(5 × 2 = 10 marks)

III. ഓരോന്നിനും നൂറ്റമ്പതു വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

16 "വനമുല്ലയിൽനിന്ന് വായുവിൻ
ഗതിയിൽ പാറിവരുന്ന പൂക്കൾ പോൽ
ഘനവേണി വഹിച്ചു കൂന്തലിൽ
പതിയും തൈജസകീടപംക്തിയെ"
—ചമത്കാരഭംഗി വിശദമാക്കുക.

17 "ആയിരം മണിയുടെ നാക്കടക്കീടാ-മൊറ്റ
വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ"
—ഇപ്രകാരം ചിന്തിക്കാൻ ഇടയാക്കിയ സാഹചര്യമെന്ത് ?

18 ഉത്സവപ്പറമ്പിലെ ദൃശ്യങ്ങളും കാഴ്ചകളും സഹ്യന്റെ മകന് എങ്ങനെയാണ് അനുഭവപ്പെട്ടത് ?

19 'പകലുകൾ രാത്രികൾ' എന്ന കവിതയിലെ കാലസൂചനകൾ വിശദമാക്കുക.

20 വൈലോപ്പിള്ളികൃതികളെക്കുറിച്ചുള്ള എന്തെല്ലാം വിവരങ്ങളാണ് 'ഇവനെക്കൂടി' എന്ന കവിതയിൽനിന്നും ലഭിക്കുന്നത് ?

21 "അയാൾ അടുത്ത വീട്ടിലേക്കു നടന്നു. അയാളുടെ ഹൃദയത്തിൽ വീണക്കമ്പി മീട്ടിയാലുണ്ടാകുന്ന നാദം പ്രതിധ്വനിച്ചുകൊണ്ടിരുന്നു"—ഈ വാക്യങ്ങൾക്ക് കഥാഗതിയിലുള്ള സ്ഥാനം നിർണ്ണയിക്കുക.

22 "ഒരമ്മയുടെ നിഷ്ക്കളങ്ക സ്നേഹത്തിന്റെ ആഖ്യാനമാണ് തപന്റെ **അമ്മ**"—വിശദമാക്കുക.

(5 × 5 = 25 marks)

IV. ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെ **നാലു** ചോദ്യത്തിന് ഉത്തരം എഴുതുക :

23 'പട്ടുപാവാട' എന്ന കവിത ഒരു സ്ത്രീപക്ഷ രചനയാണോ—സ്വമതം സ്ഥാപിക്കുക.

24 സീതയുടെ മനസ്സിനെ മഥിച്ച വിവിധ വികാരങ്ങൾ ചിന്താവിഷ്ടയായ സീത എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിശ്കലനം ചെയ്യുക.

25 'പെരുന്തച്ചൻ' അനുഭവിക്കുന്ന വൈകാരിക സംഘർഷങ്ങളെക്കുറിച്ച് വിവരിക്കുക.

26 വൈലോപ്പിള്ളിക്കുള്ള അന്ത്യപ്രണാമം എന്ന നിലയിൽ 'ഇവനെക്കൂടി' എന്ന കവിതയുടെ സവിശേഷതകൾ വിശദമാക്കുക.

27 ചങ്ങമ്പുഴയുടെ ജീവിതത്തിലെ അന്ത്യരംഗങ്ങളെക്കുറിച്ച് എം.കെ. സാനു നൽകുന്ന വിവരങ്ങൾ സംഗ്രഹിക്കുക.

28 ഇതിഹാസ കഥാപാത്രങ്ങളെ വിശകലനം ചെയ്യുന്നതിൽ മാരാർ പുലർത്തുന്ന യുക്തികളുടെ സാധുത പരിശോധിക്കുക.

(4 × 10 = 40 marks)

31115 (Pages : 2)

Name.........................................

Reg. No.....................................

# THIRD SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2017

(CUCBCSS–UG)

Common Course

MAL 3A 03—MALAYALA SAHITHYAM

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകത്തിന്റെ കർത്താവാര് ?

2 ഓം പ്രകാശ് വാല്മീകിയുടെ ആത്മകഥയുടെ ശീർഷകമെന്ത് ?

3 'കുറുപ്പില്ലാക്കളരി' എന്ന പ്രഹസനം എഴുതിയതാര് ?

4 രാഷ്ട്രപതിയുടെ സ്വർണമെഡൽ നേടിയ ആദ്യ മലയാള ചലച്ചിത്രമേത് ?

5 അന്തർജനങ്ങളുടെ ദൈന്യം നിറഞ്ഞതും പരതന്ത്രവുമായ ജീവിതത്തെ മുൻനിർത്തി ലളിതാംബിക അന്തർജനം രചിച്ച നോവലേത് ?

6 'ദേശാടനത്തിന്റെ മിശിഹകൾ' എന്ന പുസ്തകത്തിന്റെ രചയിതാവാര് ?

7 'കള്ളൻ പവിത്രൻ' എന്ന ചലച്ചിത്രം സംവിധാനം ചെയ്തതാര് ?

8 'മാട്ട്' എന്ന അനുഭവക്കുറിപ്പിൽ ഏതു ചലച്ചിത്ര നടന്റെ പേരാണ് പരാമർശിച്ചിട്ടുള്ളത് ?

9 അമേരിക്കൻ ട്രാജഡി എന്ന നോവലിനു തിരക്കഥ തയ്യാറാക്കിയ റഷ്യൻ സംവിധായകൻ ആര് ?

10 മലയാളത്തിലെ ആദ്യ സഞ്ചാരസാഹിത്യകൃതി ഏത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 വിചിത്രവേദാന്തം എന്ന് ശിഷ്യൻ വിശേഷിപ്പിച്ചത് എന്തിനെ ?

12 മുസഫർ അഹമ്മദിനും സുഹൃത്തുക്കൾക്കും അൽജൗഫിലെ സക്കാക്കയിൽവച്ച് മർദ്ദനമേൽക്കാൻ കാരണമെന്ത് ?

13 സംവിധായകനായ ബർഗ്മാനെ മഹാകവിയാക്കുന്ന ചലച്ചിത്രരംഗം ഏതാണ് ?

14 'ഇതിയാൻ വിചാരിച്ചാലാണോ കാശിനു പഞ്ഞം ?'—ആരെക്കുറിച്ചാണ് ഈ പ്രാമർശം ? വക്താവാര് ?

15 അന്തർജനങ്ങൾക്ക് തുണപോകുന്ന സ്ത്രീകളുടെ കർത്തവ്യമെന്ത് ?

(5 × 2 = 10 marks)

Turn over

III. **അഞ്ചു** ചോദ്യത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

16 കുഞ്ഞിക്കോരനും കുഞ്ഞിക്കിളിയനും തമ്മിൽ ശണ്ഠ കൂടിയത് എന്തിനായിരുന്നു ?

17 സി.എൻ. ശ്രീകണ്ഠൻ നായർ മലയാള നാടകത്തിനു നൽകിയ സംഭാവനയെന്ത് ?

18 അപരിചിത ഗ്രാമത്തിലേക്കുള്ള ഫയൽവാന്റെ ആദ്യവരവ് എങ്ങനെയായിരുന്നു ?

19 'മരണം ഒരു ഫലിതമാണ്. പ്രത്യേകിച്ചും അവനവന്റെ മരണം'—സന്ദർഭവും ആശയവും വിശദമാക്കുക.

20 കുടിവെപ്പ് ചടങ്ങിനെക്കുറിച്ച് ദേവകി നിലയങ്ങോടിന്റെ അഭിപ്രായമെന്ത് ?

21 നേപ്പാളി തൊഴിലാളിയുടെ ദാരുണമരണത്തെ 'മരുഭൂമിയുടെ ആത്മകഥ'യിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

22 കണ്ടൽക്കാടുകൾ കൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെ ?

(5 × 5 = 25 marks)

IV. **നാലു** ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 സംഭാഷണം, ക്രിയാംശം, ഇതിവൃത്തം തുടങ്ങിയ ഘടകങ്ങളിൽ നാടകം പുലർത്തുന്ന സവിശേഷതകളെക്കുറിച്ചുള്ള പ്രൊഫ. എം.കെ. സാനുവിന്റെ നിരീക്ഷണങ്ങൾ സംഗ്രഹിച്ചെഴുതുക.

24 കേരളത്തിൽ നിലവിലിരുന്ന പുരുഷാധിപത്യപരമായ ആചാരങ്ങളുടെയും ലിംഗവിവേചനപരമായ സമീപനത്തിന്റെയും സത്യസന്ധമായ തുറന്നു പറച്ചിലാണ് ദേവകി നിലയങ്ങോടിന്റെ ആത്മകഥാ രചനകൾ—പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക.

25 പരമ്പരാഗത രീതിയിൽനിന്നു വ്യതിചലിച്ചെഴുതിയ പരീക്ഷണ നാടകമാണ് സി.ജെ. തോമസിന്റെ '1128-ൽ ക്രൈം 27'—പരിശോധിക്കുക.

26 മരുഭൂമിയുടെ ആത്മകഥയിലെ ശ്രദ്ധേയമായ അനുഭവ വിവരണങ്ങളുടെ വായനാനുഭവം തയ്യാറാക്കുക.

27 കെട്ടുറപ്പും പ്രമേയഗൗരവവുമുള്ള തിരക്കഥയിൽനിന്നേ കലാമേന്മയും ദൃശ്യഭംഗിയുമുള്ള ചലച്ചിത്രം പിറവിയെടുക്കുകയുള്ളൂ—ഒരിടത്തൊരു ഫയൽവാനെ ആസ്പദമാക്കി ചർച്ച ചെയ്യുക.

28 അപൂർവ്വതകൾ നിറഞ്ഞ ഒരു ജീവിതത്തിന്റെ ഉടമയായിരുന്ന മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്—ജീവചരിത്രക്കുറുപ്പിനെ ആധാരമാക്കി വിലയിരുത്തുക.

(4 × 10 = 40 marks)

**D 12341** (Pages : 2) Name.....................................

Reg. No.....................................

Arts & Science College Kottakkal, Malappuram

## THIRD SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2016

(CUCBCSS–UG)

Common Course—Malayalam

MAL 3A 03—മലയാള സാഹിത്യം—III

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'എന്റെ കഥ' എന്ന ആത്മകഥ എഴുതിയതാര് ?

2 സി.ജെ. തോമസിന്റെ ആരാധനാപാത്രമായ ഗ്രീക്ക് നാടകകൃത്ത്.

3 യോഗക്ഷേമ സഭയുടെ എട്ടാമത് വാർഷിക യോഗം നടന്നത് എവിടെ ?

4 കല്ലേൻ പൊക്കുടന്റെ പ്രിയപ്പെട്ട രാഷ്ട്രീയ നേതാവ് ആരായിരുന്നു ?

5 കെ. ദാമോദരൻ എഴുതിയ രാഷ്ട്രീയ നാടകത്തിന്റെ പേര്.

6 രാഷ്ട്രപതിയുടെ രജതകമലം കരസ്ഥമാക്കിയ പത്മരാജൻ ചിത്രമേത് ?

7 മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബിന്റെ വളർത്തു പുത്രന്റെ പേരെന്ത് ?

8 'സിംഹഭൂമി' എന്ന യാത്രാവിവരണം എഴുതിയതാര് ?

9 'ഇക്കിറു' എന്ന ചലച്ചിത്രത്തിന്റെ സംവിധായകൻ.

10 നമ്പൂതിരിമാർ നടത്തുന്ന അമ്പലസദ്യകളിൽ പ്രധാനം ഏതാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 "അവിടത്തെ മോലാളീം ഇവിടത്തെ മോലാളീം ഒക്കെ ഞാൻ തന്നെയാ"—വക്താവാര് ? സന്ദർഭമേത് ?

12 'തുണക്കാർക്കു കൊടുക്കുക' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?

13 "നശിപ്പിച്ചവരാണല്ലോ യഥാർത്ഥത്തിൽ നിരാശപ്പെടേണ്ടത്"—വിവക്ഷയെന്ത് ?

14 "നിന്നെ സംബന്ധിച്ചിടത്തോളം അതൊരു നിസ്സാര സംഭവമാണ്. ഒരു വെറും ഫലിതം"—വ്യംഗ്യമെന്ത് ?

15 മുണ്ടമുക ശാസ്താംകാവിൽ ശാന്തിയായിരുന്ന കാലത്ത് വി.ടി.ക്ക് ലഭിച്ചിരുന്ന 'പുറം വരായകൾ' എന്തൊക്കെ ?

(5 × 2 = 10 marks)

III. അഞ്ചു ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

16 'കുടിവെപ്പ്' എന്ന ചടങ്ങിനെയും അനുബന്ധകാര്യങ്ങളെയും ദേവകി നിലയങ്ങോട് വിലയിരുത്തുന്നതെങ്ങനെ ?

Turn over

17 'ഒരു ദരിദ്രവാസി രണ്ടാമതൊരു ദരിദ്രവാസിയെ കൊല്ലുന്നു. മൂന്നാമതൊരു ദരിദ്രവാസി അതിനെപ്പറ്റി പ്രസ്താവനയിറക്കുന്നു"—സന്ദർഭവും ആശയവും വ്യക്തമാക്കുക.

18 ജലയുദ്ധങ്ങൾ മരുഭൂമിയുടെ ആത്മകഥയാണ്—സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ ഈ വസ്തുത മുസഫർ അഹമ്മദ് വിശദീകരിക്കുന്നതെങ്ങനെ ?

19 എന്താണ് നാടകീയ സന്ദർഭം ?

20 മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബിന്റെ സത്യസന്ധത തെളിയിക്കുന്ന **രണ്ടു** സന്ദർഭങ്ങൾ ചൂണ്ടിക്കാണിക്കുക.

21 'വിജ്ഞാനം നേടിയേ അടങ്ങൂ ' എന്ന ശപഥത്തിലേക്ക് വി.ടി. എത്തിച്ചേർന്നതെപ്പോൾ ? അദ്ദേഹം അതു പ്രാവർത്തികമാക്കിയതെങ്ങനെ ?

22 ജി. ശങ്കരപ്പിള്ളയുടെ നാടകാദർശം 'കറുത്ത ദൈവത്തെ തേടി' എന്ന നാടകത്തിൽ സഫലമാകുന്നതെങ്ങനെ ?

(5 × 5 = 25 marks)

IV. **നാലു** ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 സൂക്ഷ്മമായ ദൃശ്യബോധവും അഗാധമായ മനുഷ്യഹൃദയജ്ഞാനവുംകൊണ്ട് പത്മരാജന്റെ തിരക്കഥകൾ വേറിട്ടു നിൽക്കുന്നു—നിരൂപിക്കുക.

24 മരണത്തെക്കുറിച്ചുള്ള വിചിത്ര വേദാന്തം കാഴ്ചവയ്ക്കുന്ന '1128-ൽ ക്രൈം 27' സി.ജെ.യുടെ നാടക ജീവിതത്തിലെ നാഴികക്കല്ലാണ്—സമർത്ഥിക്കുക.

25 പ്രവാസിയുടെ യാത്രകളെയും ആ യാത്രകളിലെ തീവ്രാനുഭവങ്ങളെയും മുസഫർ അഹമ്മദ് ഹൃദയസ്പർശിയായി അവതരിപ്പിക്കുന്നു—'മരുഭൂമിയുടെ ആത്മകഥ'യെ മുൻനിർത്തി വിലയിരുത്തുക.

26 തിരക്കഥാരചനയുടെ സാങ്കേതികതയേയും സൗന്ദര്യാംശങ്ങളേയും കുറിച്ചുള്ള എം.ടി. വാസുദേവൻ നായരുടെ കാഴ്ചപ്പാടുകൾ ക്രോഡീകരിക്കുക.

27 പൊക്കുടന്റെ 'കണ്ടൽ ജീവിതം' മലയാളിയുടെ സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമായിത്തീരുന്നതെങ്ങനെയെന്നു പരിശോധിക്കുക.

28 ആർജവമുള്ള ആത്മാന്വേഷണമാണ് 'വളർന്നു വരുന്ന ഒരാത്മാവ്'—ഉപപാദിക്കുക.

(4 × 10 = 40 marks)

C 5550 (Pages : 2) Name..................................

Reg. No...............................

# SECOND SEMESTER B.A./B.Sc. DEGREE EXAMINATION, MAY 2016

(CUCBCSS–UG)

Common Course—Malayalam

MAL 2A 02—മലയാള സാഹിത്യം–II

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക. ½ മാർക്കു വീതം :

1 'മാമ്പഴം' എന്ന കവിത രചിച്ചതാര് ?

2 ജീ. ശങ്കരക്കുറുപ്പിന് ജ്ഞാനപീഠ പുരസ്കാരം ലഭിച്ച വർഷം ?

3 "പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം"
—ആരുടെ വരികൾ ?

4 മരപ്പാവകൾ എന്ന കഥയിലെ നായികയുടെ പേരെന്ത് ?

5 'ഗോത്ര യാനം' രചിച്ചതാര് ?

6 ഏ.ആർ. രാജരാജവർമ്മയുടെ മരണത്തിൽ അനുശോചിച്ചുകൊണ്ട് കുമാരനാശാൻ രചിച്ച വിലാപകാവ്യം ഏത് ?

7 'ജീവിതത്തിൻ കടലേ കവിതയ്ക്കു ഞങ്ങൾക്കു മഷിപ്പാത്രം' എന്ന് പാടിയ കവിയാര് ?

8 'എഴുത്തച്ഛനെഴുതുമ്പോൾ' എന്ന കൃതി ഏതു സാഹിത്യവിഭാഗത്തിൽപ്പെടുന്നു ?

9 സുഗതകുമാരിക്ക് കേന്ദ്രസാഹിത്യ അക്കാഡമി അവാർഡു നേടിക്കൊടുത്ത കവിതാ സമാഹാരം ഏത് ?

10 "കൊല്ലുവിൻ വേണമെങ്കി,ലെന്തിനല്ലാതിദം
കൊല്ലാതെ കൊല്ലുന്നതെന്നെ നിങ്ങൾ"
—ഈ വരികൾ ആരുടേതാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്കു വീതം :-

11 "ഇളകും വനരാജി വെണ്ണിലാ-
വൊളിയാൽ വെള്ളിയിൽ വാർത്തപോലെയായ് "
—സന്ദർഭവും സാരസ്യവും വിശദമാക്കുക.

12 കാരൂരിൻെറ ആഖ്യാനകല വർജ്ജനത്തിൻെറ കലയാണ്—വിശദമാക്കുക.

13 "പാരുഷ്യം പെരുകുന്നു വാക്കിലും മനസ്സിലും
മാതുലാ പൊറുത്താലും തീർന്നു മാമ്പഴക്കാലം"
—ആശയം വ്യക്തമാക്കുക.

Turn over

14 "ആരെങ്കിലും സന്ദർശകരെത്തിയാൽ മതി–ഉടനെ ആളങ്ങു മാറും ! പിന്നെ പ്രസരിപ്പായി. വർത്തമാനമായി"—ആരെക്കുറിച്ചാണ് പ്രസ്താവം ? വിശദമാക്കുക.

15 'മഴകൊണ്ടു മാത്രം' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

(5 × 2 = 10 marks)

III. ഓരോന്നിനും നൂറ്റമ്പതു വാക്കിൽ കുറയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക. 5 മാർക്കു വീതം :

16 "ഒരു വേള പഴക്കമേറിയാ-
ലിരുളും മെല്ലെ വെളിച്ചമായ് വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പുതാനുമേ"

—ഈ വരികളിലെ ആശയം വ്യക്തമാക്കി, ഇപ്രകാരമൊരു നിഗമനത്തിലെത്തിച്ചേരാൻ സീതയെ പ്രേരിപ്പിച്ച കാര്യമെന്തെന്നു വ്യക്തമാക്കുക.

17 "അവസാനമവസാന മവസാനമീ യാത്ര-
യവസാന മവസാനമല്ലോ !"

—എന്തുകൊണ്ടാണ് കവി ഇപ്രകാരം പ്രസ്താവിക്കുന്നത് ?

18 'ഗൃഹാതുരതയല്ല, നിലനില്പിൻെറ രാഷ്ട്രീയം' എന്നു ലേഖകൻ പ്രസ്താവിക്കുന്നതിൻെറ പൊരുളെന്ത് ? വിശദമാക്കുക.

19 "കൊച്ചനെ സ്തുതിക്കുമ്പോളെന്മുഖം മങ്ങിപോലും
തച്ചനായാലും ഞാനൊരച്ഛനല്ലാതായ് പോമോ ?"

—സന്ദർഭവും ആശയവും വ്യക്തമാക്കുക.

20 സങ്കല്പത്തിലെ വനസഞ്ചാരത്തിൽ സഹ്യൻെറ മകൻ കാണുന്ന കാഴ്ചകൾ വിവരിക്കുക.

21 "ഇവനു പ്രിയമേറ്റം
കലികാലത്തിൻ തോറ്റം"

—ആശയം വ്യക്തമാക്കുക.

22 രാവണനെക്കുറിച്ചുള്ള മാരാരുടെ കണ്ടെത്തലുകൾ എന്തെല്ലാം ?

(5 × 5 = 25 marks)

IV. ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. 10 മാർക്കു വീതം :

23 വൈലോപ്പിള്ളിക്കുവേണ്ടി നിർമ്മിക്കപ്പെട്ട ഏറ്റവും ഉദാത്തമായ സ്മാരകമായി 'ഇവനെക്കൂടി' എന്ന കവിതയെ വിശേഷിപ്പിക്കാം—സമർത്ഥിക്കുക.

24 കുമാരനാശാൻെറ തത്ത്വചിന്താപാടവം 'ചിന്താവിഷ്ടയായ സീത'യെ അടിസ്ഥാനമാക്കി വിലയിരുത്തുക.

25 'സ്രഷ്ടാവിൻെറ സ്വാതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും' എന്ന വിഷയത്തെക്കുറിച്ചുള്ള എം. തോമസ് മാത്യുവിൻെറ അഭിപ്രായങ്ങൾ വിശദമാക്കുക.

26 'തപൻെറ അമ്മ' എന്ന നോവലിന് ആസ്വാദനം തയ്യാറാക്കുക.

27 ബാല്യത്തിൻെറ അനാഥത്വം, നിസ്സഹായത, ദൈന്യം എന്നിവയെല്ലാം 'പട്ടുപാവാട'യിൽ ആവിഷ്കൃതമാവുന്നു—പരിശോധിക്കുക.

28 പാരിസ്ഥിതിക കലയെ ജി. മധുസൂദനൻ വിലയിരുത്തുന്നത് എപ്രകാരമാണെന്നു വിലയിരുത്തുക.

(4 × 10 = 40 marks)

D 92208 (Pages : 2) Name.................................

Reg. No.................................

## THIRD SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2015

(CUCBCSS–UG)

Common Course

MAL 3A 03—MALAYALA SAHITHYAM–III

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 എസ്.കെ. പൊറ്റെക്കാട് രചിച്ച ഒരു സഞ്ചാര സാഹിത്യകൃതിയുടെ പേരെഴുതുക.

2 മലയാളത്തിലെ ആദ്യശബ്ദ ചലച്ചിത്രം.

3 'കറുത്ത ദൈവത്തെ തേടി' എന്ന നാടകം എഴുതിയതാര് ?

4 'ഈഡിപ്പസ്' എന്ന ദുരന്തനായകനെ സൃഷ്ടിച്ച നാടകകൃത്ത്.

5 'ഒരു അന്തർജനത്തിന്റെ ആത്മകഥ' എഴുതിയതാര് ?

6 തിരക്കഥാ രചനയിൽ എം.ടി.യുടെ മാതൃകയാര് ?

7 എങ്ങനെ അറിയപ്പെടണം എന്ന ചോദ്യത്തിന് പൊക്കുടൻ നൽകുന്ന മറുപടി എന്ത് ?

8 മലയാളത്തിലെ ആദ്യ എക്സ്പ്രഷണിസ്റ്റ് നാടകം ഏതാണ് ?

9 ഡോ.എ.പി.ജെ. അബ്ദുൽ കലാമിന്റെ ആത്മകഥയുടെ പേരെന്ത് ?

10 'ഇതര വാഴ്വുകൾ' എന്ന അനുഭവ വിവരണക്കുറിപ്പുകളുടെ കർത്താവാര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 "ഏതായാലും ആ വാക്ക് ഞാൻ ആദ്യം കേട്ടത് അസീസിന്റെ വായയിൽ നിന്നാണ്"—സൂചന എന്തിനെക്കുറിച്ചാണ് ?

12 "തൊടലി പോലാ ഇത്. ഒരിക്കൽപ്പിടിച്ചാ പിന്നെ വിടുകേലാ—ഒരു ഗതികെട്ട തൊഴില്"—ഏതു തൊഴിലിനെപ്പറ്റിയുള്ളതാണ് ഈ പരാമർശം ?

13 'കാബിനറ്റ് ഓഫ് ഡോക്ടർ കാലിഗറി' ഇന്ന് ഓർമ്മിപ്പിക്കപ്പെടുന്നതെങ്ങനെ ?

14 "നശിപ്പിച്ചവരാണല്ലോ യഥാർത്ഥത്തിൽ നിരാശപ്പെടേണ്ടത്"—ആരുടെ വാക്കുകൾ ? വിവക്ഷിതമെന്ത് ?

15 "മരണത്തിന്റെ വില നിങ്ങൾ കണക്കാക്കുന്നത് അണ പൈസയിലാണോ ?"—ഈ ചോദ്യം ഉന്നയിച്ചതാര് ? സന്ദർഭമേത് ?

(5 × 2 = 10 marks)

**Turn over**

III. അഞ്ചു ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക:

16 സാക്ഷിവിസ്താര റിപ്പോർട്ടിൽനിന്നും നാടകത്തെ വ്യത്യസ്തമാക്കുന്ന ഘടകങ്ങളേവ ?

17 “കൊല്ലണമെങ്കിൽ വല്ല സിനിമാതാരത്തെയോ കോടീശ്വരനെയോ കൊല്ലണം”—സന്ദർഭവും ആശയവും വിശദമാക്കുക.

18 ടെയിലർ ശിവൻപിള്ളയുടെ സ്വഭാവം നിരൂപണം ചെയ്യുക.

19 “വാർത്ത തേടിപ്പോയ പത്രപ്രവർത്തകൻ ഈന്തപ്പനത്തോട്ടത്തിൽ സ്വയം വാർത്തയായി മാറുകയായിരുന്നു”—സന്ദർഭം വിശദമാക്കുക.

20 പൊക്കുടന് രാഷ്ട്രീയത്തിൽ വിശ്വാസം നഷ്ടപ്പെട്ടത് എന്തുകൊണ്ട് ?

21 ‘ആയിരം പഴം വച്ച വാരം’ എന്ന് ദേവകി നിലയങ്ങോട് വിശേഷിപ്പിക്കുന്നതെങ്ങനെ ?

22 ആർതർ മില്ലർ, ഏലിയ കസാൻ എന്നീ എഴുത്തുകാർ തിരക്കഥാ രചനയിൽ നടത്തിയ പരീക്ഷണമെന്ത് ?

(5 × 5 = 25 marks)

IV. നാലു ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 പത്മരാജന്റെ തിരക്കഥകളെ ചൈതന്യവത്താക്കുന്ന പ്രധാന ഘടകം നാട്ടിൻപുറത്തിന്റെ അന്തരീക്ഷമാണ്—ഒരിടത്തൊരു ഫയൽവാനെ ആസ്പദമാക്കി വിലയിരുത്തുക.

24 സി.ജെ.യുടെ നാടക ബോധത്തിന്റെ സമഗ്രത പ്രകടമാക്കുന്ന രചനയാണ് ‘1128-ൽ ക്രൈം 27’—ചർച്ച ചെയ്യുക.

25 മികച്ച തിരക്കഥകൾ മികച്ച സാഹിത്യസൃഷ്ടികൾ കൂടിയാണ്—എം.ടി.യുടെ തിരക്കഥാ സമീപനത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുക.

26 വേറിട്ട അനുഭവക്കുറിപ്പുകൾ വിരചിക്കാനുള്ള വി.കെ. ശ്രീരാമന്റെ സർഗശേഷി പ്രകടമാക്കുന്ന രചനയാണ് ‘മാട്ട് ’—സ്പഷ്ടമാക്കുക.

27 മരുഭൂമിയിലെ അപരിചിതവും അപരിമേയവുമായ അനുഭവങ്ങളാണ് മുസഫർ അഹമ്മദ് ‘മരുഭൂമിയുടെ ആത്മകഥ’യിൽ ആവിഷ്കരിച്ചിരിക്കുന്നത്—വിശദമാക്കുക.

28 സ്ത്രീകൾ നേരിടുന്ന സാമുദായികവും ലിംഗപരവുമായ വിവേചനത്തിന്റെ നേർസാക്ഷ്യമാണ് ദേവകി നിലയങ്ങോടിന്റെ ‘എച്ചിൽ’ വിലയിരുത്തുക.

(4 × 10 = 40 marks)

**C 82936** (Pages : 2) Name.................................

Reg. No.................................

# SECOND SEMESTER B.A./B.Sc. DEGREE EXAMINATION, MAY 2015

(CUCBCSS–UG)

Common Course—Malayalam

## MAL 2A 02—മലയാള സാഹിത്യം—II

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക. ½ മാർക്ക് വീതം :

1 കുമാരനാശാൻെറ ജന്മസ്ഥലം എവിടെയാണ് ?

2 വൈലോപ്പിള്ളിയുടെ ആദ്യത്തെ കവിതാസമാഹാരത്തിൻെറ പേരെന്ത് ?

3 ജി. ശങ്കരക്കുറുപ്പിന് ജ്ഞാനപീഠം അവാർഡ് ലഭിച്ചത് ഏതു വർഷമാണ് ?

4 കാരൂരിൻെറ 'മരപ്പാവകൾ' എന്ന കഥയിലെ നായികയുടെ പേരെന്ത് ?

5 "ആ മഹാരോഗം ചങ്ങമ്പുഴയുടെ പ്രാണരക്തം വലിച്ചൂറ്റിക്കുടിച്ചുകൊണ്ടിരുന്നു"—ഏത് മഹാരോഗം ?

6 മഹാഭാരതത്തിലെ കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും നിരൂപണം ചെയ്തുകൊണ്ട് കുട്ടികൃഷ്ണമാരാർ രചിച്ച കൃതി ഏത് ?

7 ഏതു ഗ്രന്ഥം വിവർത്തനം ചെയ്ത കുറ്റത്തിനാണ് ടിൻഡേലിനെ ചുട്ടുകൊന്നത് ?

8 സുഗതകുമാരിക്ക് വയലാർ അവാർഡ് നേടിക്കൊടുത്ത കൃതി ഏത് ?

9 ടി.എസ്. എലിയട്ടിൻെറ 'വേസ്റ്റ്ലാൻഡ്' എന്ന കൃതി ഏതു പേരിലാണ് അയ്യപ്പപ്പണിക്കർ വിവർത്തനം ചെയ്തത് ?

10 'ഇവനെക്കൂടിസ്സ്വീകരിക്കുക' എന്ന് ഏതു നദിയോടാണ് കവി അപേക്ഷിക്കുന്നത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്കു വീതം :

11 "തരുവാടിയിലൂടെ കണ്ടിടു-

ന്നൊരു താരാപഥ ഭാഗമെന്നപോൽ"

—താരാപഥഭാഗമായി കവി കല്പിക്കുന്നത് എന്തിനെയാണ് ?

12 "മുന്നിൽ നിൽക്കുന്നൂ പൈതൽ"—ആ പൈതലിൻെറ രൂപം കവയിത്രി അവതരിപ്പിക്കുന്നതെങ്ങനെ ?

13 ശ്രീരാമൻെറ സ്വഭാവത്തിൽ മുന്തിനില്ക്കുന്ന ഗുണങ്ങൾ എന്തെല്ലാമാണ് ?

Turn over

14 ഭാരതത്തിലെ മറ്റു എഴുത്തുകാരിൽനിന്ന് മഹാശ്വേതാദേവി വ്യത്യസ്തയാകുന്നതിൻെറ കാരണം എന്ത് ?

15 'ഇവനെക്കൂടി' എന്ന കവിതയിൽ പരാമർശിക്കപ്പെടുന്ന കവിതകൾ ഏതെല്ലാം ?

(5 × 2 = 10 marks)

III. ഓരോന്നിനും നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക. 5 മാർക്കു വീതം :

16 "ഇടർ തീർപ്പതിനേക ഹേതു വ-
ന്നിടയാമേതു മഹാവിപത്തിലും"

—സീത ഇങ്ങനെ ചിന്തിക്കുന്നതിന് അടിസ്ഥാനമെന്ത് ?

17 സങ്കല്പത്തിലെ വനസഞ്ചാരത്തിൽ 'സഹ്യൻെറ മകൻ' കാണുന്ന കാഴ്ചകൾ എന്തെല്ലാം ?

18 പ്രണയമഴ എന്ന സങ്കല്പത്തെ റഫീഖ് അഹമ്മദ് ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ ?

19 സന്ധ്യ മറഞ്ഞതിൻെറ ലാഘവത്വം ഏതെല്ലാം ഉപമാനങ്ങളിലൂടെയാണ് അയ്യപ്പപ്പണിക്കർ ആവിഷ്ക്കരിക്കുന്നത് ?

20 "കുട്ടികൃഷ്ണമാരാർ 'കല ജീവിതം തന്നെ' എന്നു നിർവചിച്ചപ്പോൾ ആവിഷ്കരിച്ച ദർശനം ഇതാണ്"—ഏത് ? വിശദമാക്കുക.

21 'തപൻെറ അമ്മ' എന്ന നോവലിൻെറ ഇതിവൃത്തം എന്ത് ?

22 പാരിസ്ഥിതിക കലയെ ലേഖകൻ നിർവചിക്കുന്നതെങ്ങനെ ?

(5 × 5 = 25 marks)

IV. ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. 10 മാർക്കു വീതം :

23 നാടകീയ സ്വഗതാഖ്യാന (Dramatic Monologue) കവിത എന്ന നിലയിൽ 'പെരുന്തച്ച'നെ വിലയിരുത്തുക.

24 വൈലോപ്പിള്ളിക്കുവേണ്ടി നിർമ്മിക്കപ്പെട്ട ഏറ്റവും ഉദാത്തമായ സ്മാരകമാണ് 'ഇവനെക്കൂടി' എന്ന കവിത—നിരൂപിക്കുക.

25 ബാല്യത്തിൻെറ അനാഥത്വവും ദൈന്യവും നിസ്സഹായതയും 'പട്ടുപാവാട' എന്ന കവിതയിൽ എങ്ങനെ ആവിഷ്കൃതമാകുന്നുവെന്ന് വിശദമാക്കുക.

26 മഹാഭാരതത്തിലെ ദുര്യോധനൻെറയും യുധിഷ്ഠിരൻെറയും സ്വഭാവ സവിശേഷതകൾ കുട്ടികൃഷ്ണമാരാർ വിലയിരുത്തുന്നതെങ്ങനെ ?

27 ചങ്ങമ്പുഴയുടെ രോഗം, ചികിത്സ എന്നിവയുമായി ബന്ധപ്പെട്ട് എം.കെ. സാനു പങ്കു വയ്ക്കുന്ന ഓർമ്മകൾ എന്തെല്ലാം ?

28 കാരൂരിൻെറ കഥാപ്രപഞ്ചത്തിൽ ഒറ്റപ്പെട്ട തലയെടുപ്പോടെ നില്ക്കുന്ന ഒരു സൃഷ്ടിയാണ് 'മരപ്പാവകൾ'—ലേഖകൻ ഇക്കാര്യം സമർത്ഥിക്കുന്നതെങ്ങനെ ?

(4 × 10 = 40 marks)